"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് & 
കറക്ഷണൽ സർവ്വീസസ്


ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in


ഉത്തരവ് നം: P4-25212/2017/PrHQ ; തീയതി : 21-12-2022

സർക്കാർ വകുപ്പുകളുടെയും ഉദ്യോഗസ്ഥരുടെയും ഇ-മെയിൽ അക്കൗണ്ടുകളുടെ ഉപയോഗം സംബന്ധിച്ച് വിവര സാങ്കേതിക വിദ്യ(ഐ.ടി സെൽ) വകുപ്പിൽ നിന്നും ലഭിച്ച അധിക നിർദ്ദേശങ്ങൾ അടങ്ങുന്ന സർക്കുലർ(ഐ.ടി സെൽ2/86/2022 -വി.സാ.വ തീയതി:7.12.2022) ഉള്ളടക്കം ചെയ്യുന്നു.ടി സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

രമേഷ് കുമാർ ബി
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ വേണ്ടി

സ്വീകർത്താവ്: **എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും.**

പകർപ്പ് : 1. ടെക്നിക്കൽ സെൽ
2. ജയിൽ ആസ്ഥാന കാര്യാലയത്തിലെ എല്ലാ ജീവനക്കാർക്കും

P4-25212/2017/PrHQ

5d4ade

/5525247/2022

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നമ്പർ.ഐറ്റി-സെൽ2/86/2022-വി.സാ.വ.
വിവര സാങ്കേതിക വിദ്യാ (ഐറ്റി-സെൽ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 07-12-2022

## സർക്കുലർ

വിഷയം:- വിവര സാങ്കേതിക വിദ്യാ വകുപ്പ് – സർക്കാർ ഉദ്യോഗസ്ഥരുടെ ഇ-മെയിൽ ഉപയോഗം – അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:- 19.02.2021-ലെ IT Cell-1/35/2020-ITD നമ്പർ സർക്കുലർ.

**********************

സർക്കാർ വകുപ്പുകളുടെയും ഉദ്യോഗസ്ഥരുടെയും ഇ-മെയിൽ അക്കൗണ്ടുകളുടെ ഉപയോഗം സംബന്ധിച്ച സൂചന പ്രകാരം സർക്കാർ വിശദമായ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നുവെങ്കിലും ഇ-മെയിലുകൾ പലതും പ്രവർത്തനരഹിതമാണെന്നും ഇത്തരം ഇ-മെയിലുകളിലേയ്ക്ക് സന്ദേശം അയയ്ക്കാൻ ശ്രമിക്കുമ്പോൾ 'Address not found' എന്ന് കാണിച്ച് ഇ-മെയിൽ സന്ദേശങ്ങൾ മടങ്ങുന്നുവെന്നുമുള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഇ-മെയിൽ അക്കൗണ്ടുകളുടെ ഉപയോഗം സംബന്ധിച്ച് താഴെപ്പറയുന്ന അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. ഇ-മെയിലുകളുടെ ഉപയോഗം സംബന്ധിച്ചുള്ള സൂചന സർക്കുലറിലെ നിർദ്ദേശങ്ങൾ എല്ലാ വകുപ്പുകളിലെയും ഉദ്യാഗസ്ഥർ കൃത്യമായി പാലിക്കേണ്ടതാണ്.
2. ഇ-മെയിൽ മുഖേനയുള്ള ഔദ്യോഗിക കത്തിടപാടുകൾ kerala.gov.in ഡൊമൈനിലുള്ള ഇ-മെയിൽ അക്കൗണ്ടുകൾ വഴി മാത്രം നടത്തേണ്ടതാണ്.
3. എല്ലാ ഉദ്യാഗസ്ഥരും ഇ-മെയിൽ അക്കൗണ്ടുകൾ ദിവസവും ലോഗിൻ ചെയ്യേണ്ടതും ഇൻബോക്സിൽ ലഭിച്ചിട്ടുള്ള ഇ-മെയിലുകൾക്ക് കൃത്യമായി മറുപടി നല്കേണ്ടതുമാണ്.
4. ഒരു ഉദ്യോഗസ്ഥൻ സ്ഥലം മാറിപ്പോവുകയോ വിരമിക്കുകയോ ചെയ്യുന്ന സാഹചര്യത്തിൽ പുതുതായി ചാർജ്ജെടുക്കുന്ന ഉദ്യോഗസ്ഥന്റെ വിവരങ്ങൾ ഉൾപ്പെടുത്തി ഇ-മെയിൽ അക്കൗണ്ട് അപ്ഡേറ്റ് ചെയ്യേണ്ടതും ആ ഇ-മെയിൽ അക്കൗണ്ട് സ്ഥിരമായി ഉപയോഗിക്കുകയും ചെയ്യേണ്ടതാണ്.
5. വകുപ്പുകളിൽ നിലവിൽ ഉപയോഗത്തിലില്ലാത്ത ഏതെങ്കിലും ഇ-മെയിൽ അക്കൗണ്ടുകളുടെ വിവരങ്ങൾ വകുപ്പുകളുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവ അടിയന്തിരമായി പിൻവലിക്കേണ്ടതും അത്തരം ഇ-മെയിൽ അക്കൗണ്ടുകൾ പ്രവർത്തനരഹിതമാക്കുന്നതിനുള്ള

നടപടികൾ വകുപ്പു മേധാവികൾ സ്വീകരിക്കേണ്ടതുമാണ്.

ഡോ. രത്തൻ യു ഖേൽക്കർ ഐ എ
എസ്
സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by Rajesh G S
Date: 08-12-2022 10:46:28
സെക്ഷൻ ഓഫീസർ.

ധനകാര്യം, നിയമം ഉൾപ്പെടെയുള്ള എല്ലാ സെക്രട്ടേറിയറ്റ് വകുപ്പുകൾക്കും
എല്ലാ വകുപ്പു മേധാവികൾക്കും
സർക്കാർ കമ്പനികൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയിലെ മേധാവികൾക്ക്
ഡയറക്ടർ, കേരളാ സ്റ്റേറ്റ് ഐ.ടി. മിഷൻ
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി